# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: അനുപമ ടി.വി IAS)

തിരുവനന്തപുരം,
തീയതി: 10.01.2017

ഉത്തരവ് നമ്പർ E6-19029/16

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - വാച്ച്മാൻ തസ്തികയിൽ നിന്ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- വിവിധ കാര്യാലയ മേധാവികൾ മുഖാന്തിരമുള്ള ജീവനക്കാരുടെ അപേക്ഷകൾ

വകുപ്പിന് കീഴിൽ വിവിധ കാര്യാലയങ്ങളിൽ വാച്ച്മാൻ / വാച്ച്വുമൺ തസ്തികകളിൽ സേവനം അനുഷ്ഠിച്ചുവരുന്ന എട്ട് ജീവനക്കാർക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കുന്നതിനായി മേൽ പരാമർശം പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ജീവനക്കാരുടെ അപേക്ഷ പരിഗണിച്ചും കേരള ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂൾസ് ചട്ടം 2-ന്റെ പ്രൊവിസോ പ്രകാരവും ടി ജീവനക്കാർക്ക് വാച്ച്മാൻ തസ്തികയിൽ നിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച് ചുവടെ പറയും പ്രകാരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേരും തസ്തികയും | നിലവിൽ ജോലി ചെയ്തു വരുന്ന കാര്യാലയം. | തസ്തികമാറ്റം അനുവദിച്ച് ഓഫീസ് അറ്റൻഡന്റായി നിയമിക്കുന്ന കാര്യാലയം. |
|---|---|---|---|
| 1. | ശ്രീ. വിദ്യാസാജൻ വാച്ച്മാൻ | കെയർ ഹോം പുലയനാർകോട്ട | സാമൂഹ്യനീതി ഡയറക്ടറേറ്റ് |
| 2. | ശ്രീമതി. സീമ എ. ആർ വാച്ച്വുമൺ | ഗവ. ആശാഭവൻ (സ്ത്രീകൾ) പൂജപ്പുര | സാമൂഹ്യനീതി ഡയറക്ടറേറ്റ് |
| 3. | ശ്രീ. ഷിബു ടി.എ വാച്ച്മാൻ | ICDS അങ്കമാലി | RAD ഓഫീസ്, എറണാകുളം |
| 4. | ശ്രീ. ജിബീഷ് കെ.ജി വാച്ച്മാൻ | ICDS കടുത്തുരുത്തി | മഹിളാമന്ദിരം, കോട്ടയം |
| 5. | ശ്രീ. സുഭാഷ് കെ.വി വാച്ച്മാൻ | ICDS കൊടകര | പ്രത്യാശാഭവൻ, തൃശ്ശൂർ |
| 6. | ശ്രീ. ശ്രീജിത്ത് എ.യു വാച്ച്മാൻ | ആശാഭവൻ, തൃശ്ശൂർ | ഗവ. വൃദ്ധസദനം, തൃശ്ശൂർ |
| 7. | ശ്രീ. റഹ്മത്ത് വി.പി വാച്ച്മാൻ | റസ്ക്യൂ ഹോം, തവനൂർ | ICDS മലപ്പുറം അഡീഷണൽ |
| 8. | ശ്രീ. പ്രഭാകരൻ എം. വാച്ച്മാൻ | ICDS കാസർഗോഡ് | ICDS മഞ്ചേശ്വരം |

തസ്തികമാറ്റം അനുവദിച്ച് സ്ഥലംമാറ്റം അനുവദിക്കപ്പെട്ട ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതാണ്.

SK/17

ജീവനക്കാരുടെ പുതിയ തസ്തികമാറ്റ നിയമനം സംബന്ധിച്ച വിവരം അവരുടെ സർവ്വീസ് പുസ്തകത്തിൽ കാര്യാലയ മേധാവി രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് സർവ്വീസ് പുസ്തകത്തിൽ പതിപ്പിക്കേണ്ടതുമാണ്.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക് (കാര്യാലയ മേധാവി മുഖേന)

<u>പകർപ്പ്:-</u>

1. ബന്ധപ്പെട്ട കാര്യാലയമേധാവികൾക്ക്
2. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക്
3. സ്റ്റോക്ക് ഫയൽ /സ്പെയർ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്.

SK/17